# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR P(16)/303/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 19/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR P(16)/303/2023 തീയ്യതി: 19/04/2023

# തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-02-2023 | 16-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 16-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബേബി പി. വി, ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ പി. ബി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ കുമാർ കെ. സി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി രേഖ ഇ. സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷെയ്ക്ക് അബ്ദുൾകാദർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| എൻ. എം. ഷെരീഫ് | സെക്രട്ടറി | 07-04-2021 | 31-03-2022 |
| പുഷ്പലത എം.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജി കെ.എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഷെമീർ കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 27-12-2021 |
| പ്രിയ ആർ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 28-12-2021 | 31-03-2022 |
| അബ്ദുൾ ഗഫൂർ | എച്ച് എം ജി എൽ പി എസ് | 01-04-2021 | 05-11-2021 |
| യൂസഫ് പി.ഐ | എച്ച് എം ജി എൽ പി എസ് | 06-11-2021 | 31-03-2022 |
| ജ്യോതി എൻ.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെട്ടൂമ്പര സർക്കിൾ) | 01-04-2021 | 21-08-2021 |
| വിനയ് കെ.പ്രേമൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെട്ടൂമ്പര സർക്കിൾ) | 21-08-2021 | 31-03-2022 |
| രമ്യ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെറുതുരുത്തി സർക്കിൾ) | 01-04-2021 | 17-06-2021 |
| ജ്യോതി എൻ.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെറുതുരുത്തി സർക്കിൾ) | 17-06-2021 | 21-08-2021 |
| വിനയ് കെ.പ്രേമൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെറുതുരുത്തി സർക്കിൾ) | 21-08-2021 | 31-03-2022 |
| വസുമതി കെ.ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-11-2021 |
| ശ്രീജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 30-11-2021 | 16-01-2022 |
| സിജി | ഐ.സി.ഡി.എസ് | 17-01-2022 | 31-03-2022 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ഗിനിക പി.ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ. ലത വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. നീതു പ്രേം വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഉഷ സല്വജ പി.വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| അബ്ദുൾഷുക്കൂർ പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| പുഷ്പലത എം.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 06-04-2021 |
| ജമീല എം.എം | അസിസ്റ്റന്റ് സെക്രട്ടറി | 07-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി | 1-10-2 |
| 13 | Prior Period-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-3 |
| 14 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-4 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-5 |
| 16 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-6 |
| 17 | ഡിപ്രിസിയേഷൻ-അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനഃക്രമീകരിച്ചിട്ടില്ല | 1-10-7 |
| 18 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-10-8 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-10-9 |
| 20 | ഡെപ്പോസിറ്റ് രജിസ്റ്ററിലേയും വാർഷിക കണക്കിലേയും മുന്നിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല. | 1-10-10 |
| 21 | സ്ഥിര നിക്ഷേപങ്ങൾ | 1-10-11 |
| 22 | നിർവ്വഹണ ഏജൻസികളിലെ നിക്ഷേപ പ്രവർത്തികൾ | 1-10-12 |
| 23 | രസീത് പരിശോധന-അപാകതകൾ | 1-11 |
| 24 | വ്യാപാര സംരംഭക ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 25 | ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |

| | | |
|---|---|---|
| 26 | ലേലം നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-14 |
| 27 | അതിഥി മന്ദിരം-അംഗീകൃത ബൈലോ ലഭ്യമാക്കേണ്ടതാണ് | 1-15 |
| 28 | പാർപ്പിടാവശ്യഗണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-16 |
| 29 | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല | 1-17 |
| 30 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു | 1-18 |
| 31 | ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി വരുന്നു | 1-19 |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ-അപാകതകൾ | 1-20 |
| 33 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് കുഴൽ കിണർ നിർമ്മാണം-സാധ്യത പഠനം നടത്തിയില്ല, തുക പാഴായി | 1-21 |
| 34 | ആശ്രയ ആഗതി രഹിത കേരളം പദ്ധതി-വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 35 | എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക തുക നല്കി | 1-23 |
| 36 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1-24 |
| 37 | സോളാർ പാനൽ റിപ്പയർ-ബാറ്ററി മാറ്റി സ്ഥാപിച്ചപ്പോൾ നിലവിലുണ്ടായിരുന്ന ബാറ്ററികളുടെ വിവരം വ്യക്തമല്ല | 1-25 |
| 38 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-26 |
| 39 | ലൈഫ് ഗുണഭോക്താവ് ഗൃഹ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 40 | കന്നുകുട്ടി പരിപാലന പദ്ധതി | 1-28 |
| 41 | പ്രോജക്ടുകളുടെ പൂർത്തീകരണം, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-29 |
| 42 | കാലി ടാർ വീപ്പയുടെ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല | 1-30 |
| 43 | പള്ളിക്കൽ കുടിവെള്ള പദ്ധതി-ആവശ്യം വേണ്ട രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-31 |
| 44 | ഇ-ടെണ്ടർ ഫി അടവാക്കിയിട്ടില്ല | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 28-02-2022 | 1/1 | 21,70,29,363 | 21,63,25,953 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 31.01.23 | 7 | 22,83,28,285 | 22,83,30,088 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | അപാകതപരിഹരിച്ച് പുനഃസമർപ്പിച്ച തീയതി |
|---|---|
| 31-07-2022 | 13-12-2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 80,32,262.45 |
| വരവ് | 8,79,60,452.00 |
| ആകെ | 9,59,92,714.45 |
| ചെലവ് | 8,84,61,755.00 |
| നീക്കിയിരിപ്പ് | 75,30,959.45 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,09,08,146 | 1,09,08,146 | 1,09,05,468 | 2,678 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 66,20,677 | 66,20,677 | 62,98,666 | 3,22,011 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,46,98,517 | 1,46,98,517 | 1,37,42,888 | 9,55,629 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 56,46,977 | 56,46,977 | 51,67,468 | 4,79,509 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 41,70,158 | 41,70,158 | 41,40,009 | 30,149 |
| സി.എഫ്.സി-ടൈഡ് ഗ്രാന്റ് | 0 | 73,39,399 | 73,39,399 | 5294866 | 2044533 |

## 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചതിന്റെ ശതമാനം | നടപ്പാക്കിയ പദ്ധതിയുടെ ശതമാനം |
|---|---|---|---|---|---|
| 226 | 118433846 | 159 | 63789186 | 70 | 54 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 881 | 1058139 | 1059020 | 1058838 | 182 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20568266 | 20568266 | 20568266 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 19029579 | 19029579 | 19029579 | 0 |
| ആകെ | 881 | 40655984 | 40656865 | 40656683 | 182 |

തൊഴിലുറപ്പുപദ്ധതിയുടെ കണക്കിലെ അപാകതകൾ ഖ.1-10-9-ൽ പരാമർശിച്ചിട്ടുണ്ട്.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3424200 | 2204 |
| വിധവാ പെൻഷൻ | 21492400 | 13580 |
| വാർദ്ധക്യകാലപെൻഷൻ | 27539500 | 17883 |
| വികലാംഗ പെൻഷൻ | 5450900 | 3435 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1736100 | 1101 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 | 12 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.02.2023 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48,772/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകളും രജിസ്റ്ററുകളും ഏറെകുറെ കൃത്യതയോടെ പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം വിപുലമായ രീതിയിൽ പ്രത്യേകം ഒരുക്കിയിട്ടുണ്ട്. ടോക്കൺ സമ്പ്രദായം, ടി.വി, ഡിസ്പ്ലേ സിസ്റ്റം, കുടിവെള്ളം, ഇരിപ്പിട സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ ലോഗ് ബുക്കിൽ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയതിന്റെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR.7A കാഷ്ബുക്ക് പരിപാലിക്കുന്നില്ല. (ഉദാ. ക്ഷീര വികസന ഓഫീസർ,ഫിഷറീസ് ഇൻസ്പെക്ടർ). അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ ഒന്നും തന്നെ ചിട്ടയായി ഫയൽ ചെയ്ത് പരിപാലിച്ചിട്ടില്ല.ഓഡിറ്റ് കാലയളവിൽ അസി. എഞ്ചിനിയർ കാഷ്ബുക്ക് എഴുതി പരിപാലിച്ചിട്ടില്ല. ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങിയത് പലപ്പോഴായാണ് ലഭിച്ചിട്ടുള്ളത്. സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മരുന്നുകൾ സ്റ്റോക്കിലെടുക്കുന്നത് മെയിൻസ്റ്റോക്കിന് പുറമെ സബ് സ്റ്റോക്ക് രജിസ്റ്ററുകൾ കൂടി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടുകളുടെ രൂപീകരണ, നിർവ്വഹണ, പൂർത്തീകരണ വേളകളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായി ഇടപ്പെടലുകൾ കാണുന്നില്ല.തെരുവ് വിളക്കുകൾ പൂർണ്ണമായും മീറ്ററിംഗ് സമ്പ്രദായത്തിലാക്കിയിട്ടില്ല. അസി. എഞ്ചിനിയർ സൂക്ഷിക്കേണ്ടതായ എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ മുഴുവനായും എഴുതി സൂക്ഷിക്കുന്നില്ല. പ്രോജക്ട് ഫയലുകളും കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.1/09.02.2023)

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി

1-10-2 വസ്തു നികുതി-റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല .

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1-10-2-1 റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2552627 | 2536635 | 17826 | 4794 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2552627 | 2536365 | 17824 | *4794 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ | *(5039/105X100)=4799 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് |

| | | | | |
|---|---|---|---|---|
| | | | ലെഡ്ജർ) | ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 270രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1-10-2-2. വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല .

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2506241 | 2417576 | 12,755 | 79227 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2504641 | 2414576 | 10,784 | *79227 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(83194 /105X100)=799232 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 3000രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.മുൻകൂർ തുക ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ 1/4/21 ലെ മുൻബാക്കി 1641 മാത്രമായിരിക്കേ Prior Period Items എന്ന ശീർഷകത്തിലൂടെ സാങ്കല്പികമായി 9143 രൂപ വർദ്ധിപ്പിച്ചാണ് മുൻകൂർ ക്രമീകരിച്ച തുക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

1-10-2-3. വസ്തു നികുതി -റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല .

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 15972 | 9,016 | 6962 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *16,479 | 9,016 | **6962 |
| | *(2020-21-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (10638+6665= 17303/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ( 7326 X 100/105)=6977 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1.ഡിമാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1-10-2-4. വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല .

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 148666 | 13644 | 135027 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *148686 | 20154 | **135027 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(76450+79670= 156120/105*100)=148686 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(141798/105X100)=135046,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ്, കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 6510 രൂപ കുറവ് പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർത്ത തുക നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്വെയറിൽ പോസ്റ്റിംഗ് നടത്തിയിട്ടില്ലാത്തതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

<u>1-10-2-5 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല</u>

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസി ഡൻഷ്യൽ | 129968 | 827 | 130795 | 128973 | 457 | 129430 | 1039 | | 245 | 364 | 609 |
| | നോൺ-റെസിഡ ൻഷ്യൽ | 125988 | 7454 | 133442 | 121525 | 678 | 122203 | 647 | | 3967 | 6771 | 10738 |
| | ആകെ | | | 264237 | | | 251633 | 1686 | | 11347 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 264647 | | | 250716 | | | | 345699 | 11347 | | |
| | | 8671+255976= 264647 (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 – State Govt. Cess/levies ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35 (വരവ്)) | | | | (431910101 -State Govt. Cess/levies ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. ഡിമാന്റ്,കളക്ഷൻ,മുൻകൂർ ക്രമീകരിച്ചത്,ബാക്കി എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 917 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡി.സി.ബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 250716 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 251633 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt. Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട തുകയുമല്ല, മറിച്ച് 3,45,699 രൂപയാണ്.

1-10-2-6. വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 38420 | 595819 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 16094 | 27181 |

1-10-2-7. വസ്തു നികുതി -യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല .

1/4/2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22-ൽ അസസ്സ് ചെയ്യപ്പെടുന്ന

വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22വർഷത്തിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ 742 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22-ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 23.12.2021 ലും 31.3.2022 ലും രണ്ടും തവണയായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-2-8. വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 1971 | 10,784 |

ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42101579 | 31/3/22 | 16,080.00 |

### 1-10-3 Prior Period-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം “290000000-Prior Period Income”, “190000000-Prior Period Expenditure ”എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ

ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100103 Prior Period Advertisement Tax | 50,000 |
| 190200101 Prior Period Income Rent From Building | 6,000 |
| 190200401 Prior Period Income Other Incomes | (-) 31,350 |
| 290800701-Prior Period Expenses- Miscellaneous Expenses | 230,440 |

1-10-4 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 5,01,303 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4139846 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-10-7 ഡിപ്രിസിയേഷൻ-അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനഃക്രമീകരിച്ചിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ ,അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

1-10-8 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | 16,30,63,304.00 |
| ആകെ ചെലവ് (B) | 18,45,43,844.00 |
| മിച്ചം തുക C= A-B | (-)21,480,540.00 |
| Prior Period Income | 42,540.00 |
| Prior Period Expenditure | 2,30,440.00 |
| Net Difference Between Prior Period Income And Expenses ( D ) | (-)1,87,900 (നെഗറ്റീവ് തുക) |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | (-)2,16,68,440 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ (-) 21,480,540.00 ൽ നിന്നും (-)1,87,900 കുറച്ചപ്പോൾ ലഭിച്ച (-) 21,480,540.00 രൂപയാണ് Income And Expenditure Account-ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

| | |
|---|---|
| 31/3/22 ടയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | (-)5,07,02,589.90 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | (-)7,23,71,029.00 |
| 31/3/21 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | (-)7,23,40,724.90 |

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM-ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

### 1-10-9 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പുവിഭാഗം നൽകിയ കണക്കുപ്രകാരം ആകെ പദ്ധതി ചെലവ് 40656683 രൂപയാണ്. എന്നാൽ AFS പ്രകാരം 40686682 രൂപയാണ്, പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

### 1-10-10 ഡെപ്പോസിറ്റ് രജിസ്റ്ററിലേയും വാർഷിക കണക്കിലേയും മുന്നിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്ററിലേയും, വാർഷിക കണക്കിലേയും മുന്നിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല, വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | വാർഷിക കണക്ക് പ്രകാരം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം |
|---|---|---|
| 340100103 Bidders EMD | 15,500 | 2,45,940 |
| 340109901 Other Deposits | 77,222 | 1,08,572 |

### 1-10-11 സ്ഥിര നിക്ഷേപങ്ങൾ

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B12 ൽ സഹകരണ സ്ഥാപനത്തിലെ നിക്ഷേപമായി 10010 രൂപ കാണിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിന്റെ കൃത്യത ഉറപ്പാക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

### 1-10-12 നിർവ്വഹണ ഏജൻസികളിലെ നിക്ഷേപ പ്രവർത്തികൾ

2021-22 വർഷത്തിൽ താഴെ പറയും പ്രകാരം നിക്ഷേപ പ്രവർത്തികൾക്കായി തുക കൈമാറിയിട്ടുള്ളതാണ്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേരു വിവരം | നിർവ്വഹണ ഏജൻസി | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|---|---|---|
| 1 | 157/22 | ജല ജീവൻ മിഷൻ | കേരള വാട്ടർ അതോറിറ്റി | 22101498 | 10.06.21 | 4,40,149 |
| 2 | 33/22 | ജല ജീവൻ മിഷൻ | കേരള വാട്ടർ അതോറിറ്റി | 22101584 | 12.10.21 | 5,00,000 |
| 3 | 150/22 | ജല ജീവൻ മിഷൻ | കേരള വാട്ടർ അതോറിറ്റി | 22101380 | 18.03.22 | 10,00,000 |
| | | | | 22100744 | 22.10.21 | 2,00,000 |
| 4 | 259/22 | പോസ്റ്റുകളിൽ മീറ്റർ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 22101610 | 27.10.21 | 2,62,668 |

എന്നാൽ ഈ തുകകളൊന്നും തന്നെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. മേൽ തുകകൾ ഡെപ്പോസിറ്റായിട്ടല്ല മറിച്ച് ചെലവായിട്ടാണ് തുകകൾ റെക്കോഡ് ചെയ്തിരിക്കുന്നത്.

## 1-11 രസീത് പരിശോധന-അപാകതകൾ

മാനുവൽ രസീതുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോള്യം 1 ആർട്ടിക്കിൾ 90 (ബി)യിലെ കുറിപ്പ് 2 പ്രകാരം "സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് " രസീത് ബുക്കുകളിൽ ഇല്ലാത്തതായി കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ |
|---|---|
| 1 | 1134 |
| 2 | 27555 |

ബി)

1. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ 1134 എന്ന രസീതിപുസ്തകത്തിലെ രസീതി നമ്പർ 1 മുതൽ 29 വരെയുള്ള രസീതികളുടെ അസ്സൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല, പകരം പകർപ്പുകളാണ് പരിശോധനയ്ക്ക് ലഭ്യമായത്. ഈ രസീതുകളിൽ തുക ഈടാക്കിയ തീയതി രേഖപ്പെടുത്താത്തതിനാൽ പണം അടവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. 1127 എന്ന രസീതിപുസ്തകത്തിലെ രസീതി നമ്പർ 3, 4, 5 എന്ന രസീതുകളിൽ തുക ഈടാക്കിയ തീയതി രേഖപ്പെടുത്താത്തതിനാൽ പണം അടവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 22 / 16.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച മുഴുവൻ അപാകതകളും പരിഹരിച്ച് ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 വ്യാപാര സംരംഭക ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22-ൽ ഫാക്ടറി വ്യാപാര ലൈസൻസ് പുതുക്കിയിട്ടില്ല.
വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | ഗ്രാവിറ്റി ജനറൽ ട്രേഡിങ്ങ് | 5/81 X |

| | | |
|---|---|---|
| | റെഡിമെയ്ഡ്സ് | |
| 2. | റോയൽ സ്റ്റോഴ്സ് | 2/298 |
| 3. | പി.യു.എം. സ്റ്റോഴ്സ് | 4/575 |
| 4. | മോട്ടോ ടിക്ക്സ് | 8/443 |
| 5. | എ.ആർ. കംസ് | 3/363 H |
| 6. | സെയിൻ സ്വീറ്റ് പാലസ് | 4/76 |
| 7. | സ്മാർട്ട് ലുക്ക് | 16/255 ബി |
| 8. | ക്യാരിക്സർ പ്രൈവറ്റ് ലിമിറ്റഡ് | 8/443എ |
| 9. | തനിമ ഹോട്ടൽ | 4/69എ |
| 10. | അൽ അമീൻ ട്രാവെൽസ് | 8/188 |
| 11 . | ഹോളി ബേസിൽ | 3/394-416 |
| 12. | മാമപ്പ | 13/177 എ |
| 13. | ടാൻഗോ മെൻസ് ക്ലബ് | 13/163 |
| 14. | ലെറ്റസ് ഈറ്റ് ചാറ്റ് കോർണർ | 14/156 |
| 15. | റിച്ച് ഇന്ത്യൻസ് ഇന്റർനാഷണൽ | 4/475 സി |
| 16. | കിഡ്സ് ബീ | 4/569 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നമ്പർ:6/ 10.2.23 )ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ താഴെ പറയുന്ന കെട്ടിടങ്ങൾ 2021-22 വർഷത്തിൽ ഫാക്ടറി-വ്യാപാര ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | ലക്ഷ്മി ജ്യൂവെല്ലറി | 3/303 |
| 2. | ഫാമിലി വെജിറ്റബിൾസ് | 3/325എ |
| 3. | സി. കെ. ട്രേഡേഴ്സ് | 3/325 സി |
| 4. | മെമ്മറീസ് റെഡിമെയ്ഡ് ഷോപ്പ് | 3/325 എഫ് |
| 5. | റെൻസ് മെൻസ് വെയർ | 3/325 എച്ച് |
| 6. | ഫ്രണ്ട്സ് കാറ്ററിങ് | 3/325 ഐ |
| 7. | ഹന്നത് ട്രേഡേഴ്സ് | 3/325 കെ |
| 8. | ഗ്രീറ്റ്സ് ടെയ്ലേഴ്സ് | 3/325 പി |
| 9. | പടപ്പ് ഇവന്റ് മാനേജ്മെന്റ് | 4/43 |
| 10. | സ്നേഹ ഗാർമെൻറ്സ് | 4/49 |
| 11. | ഒണിക്സ് കംപ്യൂട്ടേഴ്സ് | 4/72 |
| 12. | സി.ജി. ലാബ് | 4/74 |
| 13. | നെഹ്ല ബേക്കറി | 7/504 |
| 14. | മാസ് ഡ്രൈവിംഗ് സ്കൂൾ | 3/325 എൽ |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10/ 15.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും

ലൈസൻസ് ഫീ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-14 ലേലം നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

25.06.2021-ലെ ഭരണസമിതി തീരുമാനപ്രകാരം താഴെ പറയുന്ന ലേലങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയത് നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഭരണസമിതി തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

(A) സ്ക്രാപ്പ് ലേലം സംബന്ധിച്ച്

അജണ്ട: 8/1

പഴയ കസേരകളും, സ്ട്രീറ്റ് ലൈറ്റ്, ഗെയിറ്റ് എന്നീ ഉപയോഗ്യശൂന്യമായ സാധനങ്ങൾ മുമ്പ് ലേലം ചെയ്യുകയും കുറവ് സംഖ്യയ്ക്ക് ക്വാട്ട് ചെയ്തതിനാലും പുനർലേലം ചെയ്യുന്നതിന് തിരുമാനിച്ചെങ്കിലും ലോക്ക്ഡൗൺ കാരണം ലേലം ചെയ്യുന്നതിന് സാധിച്ചില്ല. എന്നാൽ ആയതിൽ വെള്ളം കെട്ടിനിന്ന് കൊതുകും മറ്റും വരുന്നതിനാൽ അടിയന്തിരമായി സ്ക്രാപ്പ് ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി അംഗീകരിച്ചു. ലേലം 2021 ജൂലൈ 5-ാം തിയ്യതി നടത്തുന്നതിന് തിരുമാനിച്ചു.

(B) ട്രാക്ടർ ലേലം-സംബന്ധിച്ച്

അജണ്ട: 9/1

കൃഷിക്ക് ആവശ്യമായി വാങ്ങിയ ട്രാക്ടർ ഉപയോഗിക്കാൻ പറ്റാത്ത വിധം കേട്ട വന്നതിനാൽ ആയത് ലേലം ചെയ്യുന്നതിന് തിരുമാനിച്ചു. ആയതിനു ചാലക്കുടി പി.ഡബ്ല്യൂ.ഡി അധികാരികളിൽ നിന്നും വാല്യുവേഷൻ വാങ്ങുന്നതിന് ഏകകണ്ഠേന തിരുമാനിച്ച് അംഗീകരിച്ചു.

മേൽ സൂചിപ്പിച്ച ലേലങ്ങൾ നടപ്പിലാക്കിയതിന്റെ തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ :17/ 16.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

### 1-15 അതിഥി മന്ദിരം-അംഗീകൃത ബൈലോ ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ 3-ാം വാർഡിൽ പ്രവർത്തിക്കുന്ന അതിഥി മന്ദിരം വിവിധ ആവശ്യങ്ങൾക്ക് പൊതുജനങ്ങൾ ഉപയോഗപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2021-22-ലെ വാർഷികണക്കിൽ 130400101 - Daily Rental From Local Body Properties എന്ന ശീർഷകത്തിലൂടെ 36,987/- രൂപയുടെ വരുമാനം ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ അംഗീകൃത ബൈലോ, അപേക്ഷകൾ എന്നിവയടങ്ങുന്ന ഫയൽ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

26.08.20-ലെ 4/1 ഭരണസമിതി തീരുമാനപ്രകാരം ബൈലോ തയ്യാറാകുന്നത് വരെ അഥിതി മന്ദിരത്തിലെ ഹാളും അനുബന്ധ സൗകര്യങ്ങളും ഉപയോഗിക്കുന്നതിനു കോൺഫെറൻസിന് 3000/- കല്യാണ നിശ്ചയം തുടങ്ങിയവക്ക് 5000/- രൂപ ദിവസം താമസിക്കുന്നതിന് ഒരു ബെഡിനു 100/- രൂപ എന്ന നിരക്കിൽ ഈടാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഈടാക്കുന്ന തുക അടവാക്കുന്നതിന് അഥിതി മന്ദിരത്തിന്റെ കെയർ ടേക്കറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ചത് പ്രകാരം 2021 -22 ൽ ലഭ്യമായ തുകയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 15/ 16.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ബൈലോ അംഗീകാരം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

### 1-16 പാർപ്പിടാവശ്യഗണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 'പാർപ്പിടാവശ്യം' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ഈടാക്കി വരുന്നത്. മേൽ സ്ഥാപനങ്ങൾ വ്യാപാരക ലൈസൻസിന് അപേക്ഷിച്ചപ്പോൾ 'പാർപ്പിടാവശ്യം' എന്നതിൽ ഉൾപ്പെടുന്നതിനാൽ ആയവയ്ക്ക് ലൈസൻസ് അനുവദിച്ചില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|

| | | |
|---|---|---|
| 1. | ജൈവ ബിൽഡേഴ്സ്, ചെറുതുരുത്തി | 4/140ഡി |
| 2. | ടോട്ടൽ യൂണിഫോം | 9/305 |
| 3. | വീ 4 | 6/58എ |
| 4. | ആർട്ട് ബീറ്റ്സ് | 7/206 |
| 5. | ഹൈ ഹാസ് ബേക്കേഴ്സ്, പള്ളം | 1/153 എ |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ ചട്ടപ്രകാരം തരം മാറ്റുന്നതിനോ ലൈസൻസ് എടുപ്പിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചതായോ ഉള്ള വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (നമ്പർ : 2/9.2.23) ഇവയ്ക്ക് പാർപ്പിട ഗണത്തിൽ ഉൾപ്പെടുന്നതിനാൽ ലൈസൻസ് നൽകിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും പ്രവർത്തിക്കുന്നുണ്ടെങ്കിൽ കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2021 -22 ൽ രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | സപ്ലൈകോ സൂപ്പർമാർക്കെറ്റ്, ചെറുതുരുത്തി | 4/353 |
| 2. | ഗ്രാവിറ്റി ജനറൽ ട്രേഡിങ്ങ് റെഡിമെയ്ഡ്സ് | 5/81 X |
| 3. | റോയൽ സ്റ്റോഴ്സ് | 2/298 |
| 4. | സി.കെ.എം. ഹാർഡ് വെയേഴ്സ് | 8/190 |
| 5. | പി.യു.എം. സ്റ്റോഴ്സ് | 4/575 |
| 6. | മോട്ടോ ട്രിക്ക്സ് | 8/443 |
| 7. | എ.ആർ. കംസ് | 3/363 H |
| 8. | ചുങ്കത്ത് ടൂൾ സെന്റർ | 14/210 |
| 9. | സെയിൻ സ്വീറ്റ് പാലസ് | 4/76 |
| 10. | സ്മാർട്ട് ലുക്ക് | 16/255 ബി |
| 11. | വീ 4 | 6/58 എ |
| 12. | ക്യാരിക്ലർ പ്രൈവറ്റ് ലിമിറ്റഡ് | 8/443 എ |
| 13. | തനിമ ഹോട്ടൽ | 4/69 എ |
| 14. | ഹൈ ഹാസ് ബേക്കേഴ്സ് | 1 /153 എ |
| 15. | അൽ അമീൻ ട്രാവെൽസ് | 8/188 |
| 16. | ഹോളി ബേസിൽ | 3/394-416 |
| 17. | മാധവീയം ആയുർവേദ ചികിത്സാലയം | |
| 18. | മാമപ്പ | 13/177 എ |
| 19. | ടാൻഗോ മെൻസ് ക്ലബ് | 13/163 |
| 20. | ലെറ്റസ് ഈറ്റ് ചാറ്റ് കോർണർ | 14/156 |
| 21. | റിച്ച് ഇന്ത്യൻസ് ഇന്റർനാഷണൽ | 4/475 സി |
| 22. | കിഡ്സ് ബീ | 4/569 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി അറിയിക്കേണ്ടതാണ്.

2. 2021-22 ലെ രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ട സ്ലാബ് പ്രകാരമുള്ള തുകയേക്കാൾ കുറവ് തുക ഈടാക്കി കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ജീവനക്കാരന്റെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|
| ചിത്ര എം.ആർ., അറ്റൻഡർ, എ.പി.എച്ച്.സി ഹോമിയോ, വള്ളത്തോൾ നഗർ | 1,92,000 | 1000/- | 1250/- | 250/- |

ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 7/10.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18 കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു

താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ തറവിസ്തീർണ്ണത്തിന്റെ വസ്തു നികുതി നിരക്കിൽ കണക്കാക്കി ഈടാക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | നിലവിൽ ഉൾപ്പെടുത്തിയ കെട്ടിട ഉപയോഗ ക്രമം | തറ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് (₹) | ഈടാക്കുന്ന ആകെ വാർഷിക വസ്തു നികുതി (വർദ്ധനവ്/ ഇളവ്, സെസ്സ് ഉൾപ്പടെ) (₹) | തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട വസ്തു നികുതി നിരക്ക് (₹) | ആകെ വാർഷിക വസ്തു നികുതി (വർദ്ധനവ്/ ഇളവ്, സെസ്സ് ഒഴികെ) (₹) |
|---|---|---|---|---|---|---|---|---|
| 1. | 3/366 | ഷംസുദ്ദീൻ, ഓളിയിൽ, ചെറുതുരുത്തി. | വാണിജ്യ ആവശ്യത്തിന് ഉള്ളവ 100 ച. മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ | 154 | 40/- | 6,468/- | 50/- | 7700/- |
| 2. | 3/369 | ഷംസുദ്ദീൻ, ഓളിയിൽ,ചെറുതുരുത്തി. | വാണിജ്യ ആവശ്യത്തിന് ഉള്ളവ 100 ച. മീ വരെ തറ വിസ്തീർണ്ണം | 144 | 40/- | 6,048/- | 50/- | 7200/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ | | | | | |
| 3. | 3/394 | മീനാക്ഷികുട്ടി അമ്മ മക്കൾ അച്ച, തിലകൻ, ഭരതൻ, ഉള്ളാട്ടിൽ, | വാണിജ്യ ആവശ്യത്തിന് ഉള്ളവ 100 ച. മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ | 530 | 40/- | 11,130/- | 50/- | 26,500/- |
| 4. | 3/358 | ഷാഹുൽ ഹമീദ് s/o. സി. എം. സൈതലവി, ചോമയിൽ | വാണിജ്യ ആവശ്യത്തിന് ഉള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 150 | 40/- | 5,670/- | 50/- | 7,500/- |
| 5. | 3/359 | ഷാഹുൽ ഹമീദ് s/o. സി. എം. സൈതലവി, ചോമയിൽ | വാണിജ്യ ആവശ്യത്തിന് ഉള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 150 | 40/- | 5,670/- | 50/- | 7,500/- |
| 6. | 3/405 എ | യു. തിലകൻ, ഉള്ളാട്ടിൽ വീട്, ചെറുതുരുത്തി. | വാണിജ്യ ആവശ്യത്തിന് ഉള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 328.06 | 40/- | 13,091/- | 50/- | 16,403/- |
| 7. | 4/432 | കുഞ്ഞുമുഹമ്മദ്, | വാണിജ്യ | 192.59 | 40/- | 9708/- | 50/- | 9,630/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | എ | കളത്തിൽ ഹൗസ്, ചെറുതുരുത്തി, | ആവശ്യത്തിന് ഉള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | | | | | |
| 8. | 4/432 ബി | കുഞ്ഞുമുഹമ്മദ്, കളത്തിൽ ഹൗസ്, ചെറുതുരുത്തി, | വാണിജ്യ ആവശ്യത്തിന് ഉള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 215.86 | 40/- | 10337/- | 50/- | 10,793/- |

മേൽ വിവരങ്ങൾ പ്രകാരം തെറ്റായ വസ്തുനികുതി നിരക്കിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ഈടാക്കി വരുന്നത്. യഥാർത്ഥത്തിൽ 100 ച. മീ. കൂടുതൽ തറ വിസ്തീർണ്ണമുള്ള ഈ കെട്ടിടങ്ങളെ 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി 40/- നിരക്കിലാണ് വസ്തുനികുതി ഈടാക്കി വരുന്നത്. ഈ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ് , ഷോപ്പ്, ഗോഡൗൺ എന്നതിൽ ഉൾപ്പെടുത്തി 50/- രൂപ നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. വസ്തുനികുതി പുനർനിർണ്ണയം നടത്തിയതിന് കാരണം ലഭ്യമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 9/14.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ അപാകതകളും പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി വരുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 'പെപ്കോ റിസോർട്ട്സ്/ ഇക്കോ ഗാർഡൻ റിസോർട്ട്സ്' എന്ന സ്ഥാപനത്തിന് (ഉടമയുടെ പേര് : വി.ജി. പ്രേമൻ, വെള്ളാട്ടുപറമ്പിൽ വീട്) 2018-19 മുതൽ നാളിതുവരെ പഞ്ചായത്തിൽ നിന്നും വ്യാപാര സംരംഭക ലൈസൻസ്, സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രെജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് (നമ്പർ-7/1.4.21) എന്നിവ നൽകിയിട്ടുള്ളതാണ്. ടി സ്ഥാപനത്തിന്റെ കെട്ടിട നമ്പർ 6/219 മുതൽ 234 വരെയും 236, 237 എന്നിവയുമാണ്. ആയുർവേദ വെൽനെസ്സ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ വസ്തുനികുതി 'ആയുർവേദ സുഖചികിത്സാ കേന്ദ്രം' വസ്തു എന്ന ഗണത്തിൽ ഉൾപ്പെടുത്തിയില്ല ഈടാക്കുന്നത് മറിച്ച് മറ്റ് ഗണങ്ങളിൽ ഉൾപ്പെടുത്തിയാണ് ഈടാക്കി വരുന്നത്.
വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച:മീ) | നിലവിൽ സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപയോഗക്രമം | ഈടാക്കുന്ന വസ്തുനികുതി നിരക്ക് |
|---|---|---|---|---|
| 1. | 6/219 | 49.2 | പാർപ്പിടാവശ്യം | 6/- |
| 2. | 6/220 | 289 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 40/- |

| | | | | |
|---|---|---|---|---|
| 3. | 6/221 | 258 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 40/- |
| 4. | 6/222 | 258 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 40/- |
| 5. | 6/223 | 35 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30/- |
| 6. | 6/224 | 35 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 30/- |
| 7. | 6/225 | 35 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30/- |
| 8. | 6/226 | 40 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30/- |
| 9. | 6/227 | 40 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 30/- |
| 10. | 6/228 | 40 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 30/- |
| 11. | 6/229 | 57 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30/- |
| 12. | 6/230 | 57 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 30/- |
| 13. | 6/231 | 136.18 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 30/- |
| 14. | 6/232 | 134 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , | 30/- |

| | | | | |
|---|---|---|---|---|
| | | | സിനിമ തിയേറ്റർ | |
| 15. | 6/233 | 65 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40/- |
| 16. | 6/234 | 20 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 15/- |
| 17. | 6/236 | 300 | പാർപ്പിടാവശ്യം | 6/- |
| 18. | 6/237 | 90 | പാർപ്പിടാവശ്യം | 6/- |

ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിനുണ്ടായ കാരണം ലഭ്യമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/16.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന് ഭരണസമിതി അംഗീകരിച്ച നിശ്ചയിച്ച നിരക്കിലുള്ള വസ്തുനികുതി, നാളിതുവരെ ഈടാക്കാനുള്ളത് കണക്കാക്കി ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച മുഴുവൻ അപാകതകളും പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 സാമൂഹ്യ സുരക്ഷാ പെൻഷൻ-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021 വർഷത്തിലെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിട്ടുണ്ട്.

വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐ. ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | |
| 1 | ഖദീജ എം. കെ. | 107350601335 | വിധവാ പെൻഷൻ | 30.1.21 | 21/2021 | സസ്പെൻഡ് | 02/21-6/21 | 1600 | 8,000 |
| 2 | അബ്ദുൾ റസാഖ് പി.എം. | 107350201254 | ഇന്ദിരാ ഗാന്ധി വാർദ്ധക്യ കാല പെൻഷൻ | 07.02.21 | 22/2021 | സസ്പെൻഡ് | 03/21-11/21 | 1600 | 14,400 |
| 3 | ശ്രീധരൻ നായർ | 107350200625 | ഇന്ദിരാ ഗാന്ധി വാർദ്ധക്യ കാല പെൻഷൻ | 13.2.21 | 27/2021 | സസ്പെൻഡ് | 3/21-9/21 | 1600 | 11,200 |
| 4 | പത്മാവതി | 107350200338 | ഇന്ദിരാ ഗാന്ധി വാർദ്ധക്യ | 6.3.21 | 32/21 | സസ്പെൻഡ് | 4/21-09/21 | 1600 | 9,600 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | കാല പെൻഷൻ | | | | | | |
| 5 | ചന്ദ്ര ശേഖരൻ | 107350201412 | ഇന്ദിരാ ഗാന്ധി വാർദ്ധക്യ കാല പെൻഷൻ | 16.03.21 | 34/21 | സസ്പെൻഡ് | 4/21-8/21 | 1600 | 8,000 |
| 6 | പാത്തുമ്മ | 107350600283 | വിധവാ പെൻഷൻ | 16.03.21 | 39/21 | ആക്ടീവ് | 4/21 – 11/22 | 1600 | 32,000 |
| 7 | കമലാക്ഷി | 107350100314 | കർഷക തൊഴിലാളി പെൻഷൻ | 07.06.21 | 60/21 | ആക്ടീവ് | 7/21-11/22 | 1600 | 27,200 |
| 8 | മുഹമ്മദ് | 107350201434 | ഇന്ദിരാ ഗാന്ധി വാർദ്ധക്യ കാല പെൻഷൻ | 19.07.21 | 76/21 | ആക്ടീവ് | 09/21-11/22 | 1600 | 24,000 |
| 9 | നബീസ | 107350100408 | കർഷക തൊഴിലാളി പെൻഷൻ | 15.08.21 | 88/21 | ആക്ടീവ് | 9/21-11/22 | 1600 | 24,000 |
| 10 | ലക്ഷ്മി | 107150100031 | കർഷക തൊഴിലാളി പെൻഷൻ | 08.09.21 | 96/21 | ആക്ടീവ് | 10/21-11/22 | 1600 | 22,400 |
| 11 | കൃഷ്ണൻ | 107350200584 | ഇന്ദിരാ ഗാന്ധി വാർദ്ധക്യ കാല പെൻഷൻ | 16.09.21 | 105/21 | ആക്ടീവ് | 10/21-11/22 | 1600 | 22,400 |
| 12 | ഫാത്തിമ ബീവി | 107350600105 | വിധവാ പെൻഷൻ | 17.09.21 | 112/21 | സസ്പെൻഡ് | 09/21-04/22 | 1600 | 12,800 |
| 13 | ആമിന | 107350600857 | വിധവാ പെൻഷൻ | 18.09.21 | 116/21 | ആക്ടീവ് | 10/21-11/22 | 1600 | 22,400 |
| 14 | രാജ ശേഖരൻ | 107350201134 | ഇന്ദിരാ ഗാന്ധി വാർദ്ധക്യ കാല പെൻഷൻ | 17.10.21 | 124/21 | സസ്പെൻഡ് | 11/21-08/22 | 1600 | 16,000 |
| 15 | സുലൈഖ | 107350201315 | ഇന്ദിരാ ഗാന്ധി വാർദ്ധക്യ കാല പെൻഷൻ | 28.10.21 | 131/21 | സസ്പെൻഡ് | 11/21-8/22 | 1600 | 16,000 |
| ആകെ അധികം നൽകിയ തുക | | | | | | | | | 2,70,400 |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ

തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ വള്ളത്തോൾ ഗ്രാമ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റ പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ.ഡി | പെൻഷൻ തരം | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അനർഹമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|
| 1. | ബീച്ചി ക്കോയ | 18.01.21 18/21 | 101710209328 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | കോഴിക്കോട് കോർപ്പ റേഷൻ | ആക്റ്റീവ് | 02/21 -11/222 | 35,200 (1600*22) |
| 2. | ചന്ദ്രമതി | 26.07.21 | 2220281771 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | Agriculture Office, വള്ളത്തോൾ നഗർ | ആക്റ്റീവ് | ലഭ്യമല്ല | ലഭ്യമല്ല |
| 3. | ഗോവിന്ദൻ കുട്ടി | 31.8.21 98/21 | 2220281798 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | Agriculture Office, വള്ളത്തോൾ നഗർ | ആക്റ്റീവ് | 09/21-4/22 | 12,800 (1600*12 ) |
| 4 | ലീല കെ.കെ. | 14.12.21 146/21 | 2043308558 | ക്ഷേമനിധി ബോർഡ് പെൻഷൻ, ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് | Agriculture Office, വള്ളത്തോൾ നഗർ | ആക്റ്റീവ് | ലഭ്യമല്ല | ലഭ്യമല്ല |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.8/13.02.23)

### 1-21 പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് കുഴൽ കിണർ നിർമ്മാണം-സാധ്യത പഠനം

നടത്തിയില്ല, തുക പാഴായി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

പ്രോജക്റ്റ് നമ്പർ - S0138/22.

എഗ്രിമെന്റ് മെന്റ് നം -28/21 -22.dtd. 27.1.22.

കരാറുകാരൻ -സിദ്ധിഖ്.എൻ.

അളവ് പുസ്തകം -414/21 -22.

വൗച്ചർ നം. 22101465. Dtd.30.3.22. 116139/- (ഫണ്ടിനം – ധനകാര്യ കമ്മീഷൻ അവാർഡ്)

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മാണം എന്ന 2 ലക്ഷം രൂപ അടങ്കലുള്ള മേൽ പ്രോജക്ടിൽ 116139/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജലക്ഷാമം അതിരൂക്ഷമായ പഞ്ചായത്തിൽ കുഴൽ കിണറിൽ നിന്നുള്ള വെള്ളം ലഭിക്കുന്നില്ല. ഫയൽ പരിശോധനയിൽ ഭൂജല വകുപ്പിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല. കൂടാതെ ജല ലഭ്യത സംബന്ധിച്ച യീൽഡ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സ്ഥല പരിശോധനയിൽ കുഴൽ കിണർ നിർമ്മിച്ചതായി മനസിലാക്കാൻ സാധിച്ചു. എന്നാൽ ആയതിൽ നിന്നും വെള്ളം എടുക്കുവാനുള്ള വൈദ്യുതി മോട്ടോർ പമ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പൂർത്തികരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട്, ട്രഷറി ബില്ലിന്റെ പകർപ്പ് എന്നിവയും ഹാജരാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറി നം. 12/15.2.23 പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതും, തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക116139/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 ആശ്രയ ആഗതി രഹിത കേരളം പദ്ധതി-വീട്ടു നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്. മുഖേനെ നടപ്പിലാക്കി വരുന്ന ആശ്രയ ആഗതി രഹിത കേരളം പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം 29/22 നമ്പർ പ്രോജക്റ്റ് പ്രകാരം വികസന ഫണ്ട് (പൊതു വിഭാഗം)-ൽ നിന്നും ₹5,00,000/-യും, ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ₹50,000/- ഉൾപ്പെടെ പ്ലാൻ ഫണ്ടിൽ നിന്നും ആകെ ₹5,50,000/- നല്കിയിട്ടുള്ളതാണ്. പ്രോജക്റ്റിന്റെ മെമ്പർ സെക്രട്ടറി കൂടിയായ അസിസ്റ്റന്റ് സെക്രട്ടറി ഹാജരാക്കിയ കണക്ക പ്രകാരം ₹ 20,49,469.30 മുൻബാക്കിയുണ്ടായിരുന്ന പദ്ധതിയ്ക്ക് ചലഞ്ച് ഫണ്ടിനത്തിൽ ആകെ ₹13,33,333/- വരവുള്ളതാണ്. പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം ചലഞ്ച് ഫണ്ടിനത്തിൽ ₹9,60,521/-യും, പ്ലാൻഫണ്ടിനത്തിൽ ₹9,00,000/- ചെലവുള്ളതും 31.03.2022 തിയതിൽ പദ്ധതിയ്ക്കായി ധനലക്ഷ്മി ബാങ്ക് ചെറുതുരുത്തി ശാഖയിൽ പരിപാലിച്ചുവരുന്ന 002100100038754 നമ്പർ അക്കൗണ്ടിൽ ₹21,47,757.95/- നീക്കിയിരിപ്പുള്ളതുമാണ്.

പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ആശ്രയ ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുള്ളതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരു വിവരം | പദ്ധതി പ്രകാരം ആദ്യ ഗഡു അനുവദിച്ച തിയതി | നാളിതു വരെ അനുവദിച്ച തുക (₹) | പദ്ധതി പ്രകാരം അവസാന ഗഡു അനുവദിച്ച തിയതി | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | സാബിത, മേച്ചേരിക്കുന്നത്ത് വീട്, ചെറുതുരുത്തി | 15.10.20 | 40,000 | 15.10.20 | നാളിതു വരെ ഒരു ഗഡു മാത്രമാണ് അനുവദിച്ചിരിക്കുന്നത് |
| 2 | ലക്ഷ്മി, D/o.ലക്ഷ്മണൻ, പൂശാരി, കണ്ണംചാത്തയിൽ, ചെറുതുരുത്തി | 15.10.20 | 3,60,000 | 31.12.21 | അവസാന ഗഡുവായ ₹40,000 അനുവദിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 3 | തങ്കമ്മD/o.ഗോവിന്ദൻ, പുത്തൻപുരയ്ക്കൽ വീട്, ചെറുതുരുത്തി | 15.10.20 | 3,60,000 | 29.09.21 | അവസാന ഗഡുവായ ₹40,000 അനുവദിച്ചിട്ടില്ല |
| 4 | അംബിക, കടുക്കുഴി പുത്തൻ വീട്ടിൽ, പള്ളിക്കൽ | 15.10.20 | 3,60,000 | 23.07.21 | അവസാന ഗഡുവായ ₹40,000 അനുവദിച്ചിട്ടില്ല |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം നാലു പേരുടേയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 24/16.02.23ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവർക്കായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും പൂർത്തീകരിക്കാതിരിക്കുന്നതിന് സാമൂഹ്യനീതി ഉറപ്പുവരുത്താനുള്ള ഗ്രാമപഞ്ചായത്തിന്റെ കടമകൾക്കും ഉത്തരവാദിത്വങ്ങൾക്കും വിരുദ്ധമാണ്. ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 24/16.02.23)

## 1-23 എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക തുക നല്കി

22.09.2015-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2878/2015/ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ നാല് ശതമാനം പ്രതിഫലമായി അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ ആവശ്യത്തിനായി ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്ക്സ്-ബി) വകുപ്പിന്റെ 01.03.2019 ലെ 18/2019/fin സർക്കുലർ ഖണ്ഡിക -6-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെചേർക്കുന്ന പ്രോജക്ടുകളിൽ സർക്കുലറിന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധികതുക നല്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | സാങ്കേതികാനുമതി നമ്പർ | പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക (GST നഷ്ടപരിഹാരം പരിഗണിക്കാതെയുള്ളത്) | എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് | | | വൗച്ചർ നം./തീയതി |
|---|---|---|---|---|---|---|---|
| | | | | നല്കേണ്ട തുക | നല്കിയ തുക | അധികം നല്കിയ തുക | |
| 1 | 156/22 പി.എച്ച്.സി. സബ്സെന്റർ വൈദ്യുതികരണം | 14/EE/LSGD /Electrical Committee/2020-21 Dt.30-06-21 | 61442.01 | 2458 | 2753 | 295 | 22101622/10.11.21 |
| 2 | 155/22പള്ളം പമ്പ്ഹൗസിന് മോട്ടോർ വാങ്ങൽ | 228/EE /LSGD/Electrical Committee/2021-22 Dt.02.02.22 | 3,10,654.89 | 12,426 | 12,583 | 157 | 22101748/30.03.22 |
| | | | | | ആകെ | 452 | |

ഇതു സംബന്ധിച്ച് നല്കിയ 26/23.02.23 നമ്പർ എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. അധികം അനുവദിച്ച 452/- രൂപ ബേബി എൻ. ടി, അസി. എക്സി. എഞ്ചിനീയറിൽ നിന്നും തരികെ ഈടാക്കി

അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 26/23.02.23)

## 1-24 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 32/22 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ അബ്ദുൾ ഗഫൂർ.ടി.പി., സാഹ്ജ ഇല്ക്ട്രോണിക്സ്, കോട്ടേപ്പാടം, പാലക്കാട് എന്ന കരാറുകാരന് 1503 (1103+400) എണ്ണം 12 വോൾട്ട് എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റും, 123 (87+36) എണ്ണം 18 വോൾട്ട് എൽ.ഇ.ഡി. ഓട്ടോമാറ്റിക് സ്സ്ട്രീറ്റ് ലൈറ്റും റിപ്പയർ ചെയ്ത വകയിൽ തനത് ഫണ്ടിൽ നിന്നും ₹89,103/- (വൗച്ചർ നമ്പർ:22101304/05.03.22) മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്നും ₹4,02,252/- (വൗച്ചർ നമ്പർ:22101584/12.10.21 -₹3,59,315/- & വൗച്ചർ നമ്പർ:22101685/07.02.22-₹42,937/-) എന്നിങ്ങനെ ആകെ ₹4,91,355/- അനുവദിച്ച് നല്കിയിട്ടുള്ളതാണ്.
പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ 25/16.02.23 നമ്പർ എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ല.

1. കരാറുകാരനിൽ നിന്നും ആദായനികുതി-ടി.ഡി.എസ്. ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിലെ വാർഡു തിരിച്ചുള്ള വഴിവിളക്കുകളുടെ കണക്ക് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 നൽകിയ അധികാരം ഉപയോഗിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതും അതനുസരിച്ച് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച ചെലവ് പൊതു പണത്തിന്റെ ദുരുപയോഗമായി കണക്കാക്കി ഈടാക്കാൻ 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നൽകിയ അധികാരം ഉപയോഗിച്ച് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 25/16.02.23)

## 1-25 സോളാർ പാനൽ റിപ്പയർ-ബാറ്ററി മാറ്റി സ്ഥാപിച്ചപ്പോൾ നിലവിലുണ്ടായിരുന്ന ബാറ്ററികളുടെ വിവരം വ്യക്തമല്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 111/22 പഞ്ചായത്ത് സോളാർ പാനൽ റിപ്പയർ എന്ന പ്രോജക്ടിൽ താഴെ പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും ₹50,000/- മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്നും ₹2,76,620/- എന്നിങ്ങനെ ചെലവഴിച്ചുകൊണ്ട്, 'ഊർജ്ജ മിത്ര'റ്റും നമ്പർ:418, വി.പി.ടവർ, ചേലക്കര റോഡ്, വാഴക്കോട് ജംങ്ഷൻ എന്ന സ്ഥാപനം മുഖാന്തിരം 16 സോളാർ ബാറ്ററികളും (ഇൻവോയ്സ് നം. 21/29.10.21 & 22/29.10.21), 5 കിലോവാട്ട് സോളാർ ഇൻവർട്ടറും (ഇൻവോയ്സ് നം. 1025/07.02.22 & 1026/07.02.22) മാറ്റിയിട്ടുള്ളതാണ് ആയതിനായി തുക അനുവദിച്ചതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശം | | വൗച്ചർ | | ഫണ്ടു വിവരം | തുക (₹) |
|---|---|---|---|---|---|---|
| | നമ്പർ | പേര് | നമ്പർ | തിയതി | | |
| 1 | 111/22 | പഞ്ചായത്ത് സോളാർ പാനൽ റിപ്പയർ | 22101621 | 10.11.21 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 2,00,000 |
| | | | 22101729 | 21.03.22 | | 76,620 |
| | | | 22101321 | 08.03.21 | തനത് | 50,000 |
| ആകെ | | | | | | 3,26,620 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.23/16.02.23ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്.
1. പദ്ധതി പ്രകാരം വാങ്ങിയ 16 ബാറ്ററിയും (Exide Solar 150LMS), സോളാർ ഇൻവർട്ടർ (Hykon Solar Inverter HPCU 5Kw/96v HPCU 2210739) സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

2. നിലവിലുണ്ടായിരുന്ന ബാറ്ററി മാറ്റി പകരം പുതിയ ബാറ്ററി സ്ഥാപിക്കുന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചിരിക്കുന്നത്. നിലവിലുണ്ടായിരുന്ന ബാറ്ററികൾ എന്തു ചെയ്തു എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിലുണ്ടായിരുന്ന ബാറ്ററി സ്ഥാപനം തിരികെ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ആയതിന് ലഭിച്ച തുകയുടെ വിവരം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3. അനർട്ട് 17.08.2021 ന് നല്കിയ 137/ADMIN/ANERT(TSR)2021 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 08.09.21 ലെ 1(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരമാണ് 5 KVA സോളാർ പാനൽ റിപ്പയറിംഗിന് ഊർജ്ജമിത്രയെ ഏൽപ്പിച്ചിരുന്നത്. എന്നാൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ്, മേൽനോട്ടം/ പൂർത്തീകരണം എന്നിവ സംബന്ധിച്ച് അനർട്ട് നല്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 23/16.02.23)

മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 നൽകിയ അധികാരം ഉപയോഗിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതും അതനുസരിച്ച് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച ചെലവ് പൊതു പണത്തിന്റെ ദുരുപയോഗമായി കണക്കാക്കി ഈടാക്കാൻ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നൽകിയ അധികാരം ഉപയോഗിച്ച് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## 1-26 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പ്രോജക്ട് വിശദാംശം നമ്പർ | പ്രോജക്ട് വിശദാംശം പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ | വൗച്ചർ തിയതി | തുക (₹) |
|---|---|---|---|---|---|---|
| 1 | 256/22 | കാൻ തൃശ്ശൂർ | സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 22101651 | 05.01.22 | 50,000 |
| 2 | 3/22 | ഐ.കെ.എം. വിഹിതം അടവാക്കൽ | ഐ.കെ.എം. | 22101484 | 09.06.21 | 52,812 |
| | | | | 22101570 | 25.09.21 | 17,276 ആകെ – 70088/- |
| 3 | 2/22 | സർവ്വ ശിക്ഷാ അഭിയാൻ | എസ്.എസ്.എ. തൃശ്ശൂർ | 22101497 | 09.06.21 | 7,00,000 |
| 4 | 157/22 | ജല ജീവൻ മിഷൻ | കേരള വാട്ടർ അതോറിറ്റി | 22101498 | 10.06.21 | 4,40,149 |
| 5 | 33/ 22 | ജല ജീവൻ മിഷൻ | കേരള വാട്ടർ അതോറിറ്റി | 22101584 | 12.10.21 | 5,00,000 |
| 6 | 150/22 | ജല ജീവൻ മിഷൻ | കേരള വാട്ടർ അതോറിറ്റി | 22101380 | 18.03.22 | 10,00,000 |
| | | | | 22100744 | 22.10.21 | 2,00,000 |
| 7 | 259/22 | പോസ്റ്റുകളിൽ മീറ്റർ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 22101610 | 27.10.21 | 2,62,668 |
| 8 | 30/ 22 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 22101495 | 09.06.21 | 19,009 |
| | | | | 22101529 | 22.07.21 | 32,770 |
| | | | | 22101600 | 25.10.21 | 1,993 |
| | | | | 22100818 | 09.11.21 | 14,968 |
| | | | | 22100889 | 23.11.21 | 73,346 |
| | | | | 22101107 | 13.01.22 | 11686 |

നിർവ്വഹണ ഏജൻസികളിൽ നിന്ന് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18/16.02.23)

## 1-27 ലൈഫ് ഗുണഭോക്താവ് ഗൃഹ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ 57/22 ലൈഫ് പദ്ധതി തുടർച്ച എന്ന പ്രോജക്ട് പ്രകാരം രാധിക W/o.ജയൻ കൊല്ലതൊടി വീട്, താഴപ്ര (വാർഡ്-9) എന്ന ഗുണഭോക്താവിന് (വിതരണ രജിസ്റ്റർ ക്രമ നം.155) നാളിതുവരെ ആകെ ₹3,00,000/- വിതരണം ചെയ്തിട്ടുള്ളതാണ്. ഗുണഭോക്താവിന് 16.02.22-നാണ് അവസാനമായി ₹1,00,000/- വിതരണം നടത്തിയിട്ടുള്ളത്. ആയതിനു ശേഷം ഗുണഭോക്താവ് തുക കൈപ്പറ്റിയതായോ, ഗൃഹനിർമ്മാണം പൂർത്തീകരിച്ചതായോ ഫയലിലോ, വിതരണ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഗുണഭോക്താവിന്റെ ഗൃഹനിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നല്കേണ്ടതും, ഗൃഹനിർമ്മാണം തുടർന്ന് നടത്തുന്നതിന് സമ്മതമില്ലാത്ത പക്ഷം പദ്ധതി പ്രകാരം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.19/16.02.23)

## 1-28 കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം. 49/2022

നിർവ്വഹണ ഉദ്യോഗസ്ഥൻ .വെറ്ററിനറി സർജൻ

അടങ്കൽ 600000

ചെലവ് 600000 (ബിൽ നം. 16/14.1.2022)

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പലാക്കിയ മേൽ പദ്ധതിയിൽ 48 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ശ്രീ. കുഞ്ഞുമൊയ്തു, ഇടശ്ശേരി എന്ന ഗുണഭോക്താവ് 14-9-22 നു ശേഷം കാലിത്തീറ്റ വാങ്ങുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10(എ)/14-2-23) ലഭ്യമാക്കിയ മറുപടിയിൽ. ടിയാന്റെ കന്നുകുട്ടി മരിച്ചുപോയതിനാലാണ് കാലിത്തീറ്റവിതരണം നിന്നുപോയത് എന്ന് അറിയിച്ചിട്ടുണ്ട്. ടിയാൻ പദ്ധതിയിൽ തുടരാത്ത കാലയളവിലെ വിഹിതം പദ്ധതി തീരുന്ന മുറയ്ക്ക് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരികരിക്കേണ്ടതാണ്. പദ്ധതി തീരുന്ന മുറയ്ക്ക് വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

## 1-29 പ്രോജക്ടുകളുടെ പൂർത്തീകരണം, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 13/15.2.23.പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കിയില്ല. അസി. എഞ്ചിനിയർ പ്രോജക്ട് ഫയലുകൾ കൃത്യതയോടെ പരിപാലിക്കാത്തതിനാൽ പ്രോജക്ട് സംബന്ധമായ താഴെ പറയുന്ന വിവരങ്ങളാണ് ആരാഞ്ഞിരുന്നത്.

1. ഒറിജിനൽ പ്രോജക്ടുകൾ ആരംഭിച്ച വർഷം,
2. 2021-22ന് ശേഷം സ്പിൽ ഓവറായി തുടരുന്നുണ്ടോ?
3. നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ,
4. പ്രവൃത്തി പൂർത്തികരിച്ചോ?
5. ഇല്ലെങ്കിൽ ആയതിന്റെ കാരണം?
6. ഓരോ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ

പ്രോജക്ടുകളുടെ പേരുകളും സുലേഖ പത്രിക പ്രകാരം തൻവർഷം ചെലവഴിച്ച തുകയുടെ വിവരങ്ങളും താഴെ കൊടുക്കുന്നു.

1. ടേക്ക് എ ബ്രേക്ക് S0245/22. (ചെലവ് -2790435/-)

2. യൂത്ത് വെൽഫെയർ സെന്റർ നവീകരണം S0287/22. (ചെലവ് 135599/- )

3. കൊച്ചിൻ പാലത്തിന് സമീപം സാംസ്കാരിക കവാടം S0266/22. (ചെലവ് 1000000/-)

4. ഭൂരഹിത ഭവന രഹിതർക്ക് ഫ്ലാറ്റ് നിർമ്മാണം S060/22. (ചെലവ് 1819311/-)

ഭൂരഹിത ഭവന രഹിതർക്ക് ഫ്ലാറ്റ് നിർമ്മാണം S060/22 എന്ന പ്രോജക്ട് ഒഴികെ ബാക്കി പ്രോജക്ടുകളെല്ലാം തന്നെ സ്പിൽ ഓവർ പ്രോജക്ടുകളാണ്. മുൻവർഷങ്ങളിലും ആയതിന് വേണ്ടി തുക ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ

മോണിട്ടറിംഗ് റിപ്പോർട്ട്/പൂർത്തികരണ വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആയത് സംബന്ധിച്ച് കൂടുതൽ അന്വേഷണം ആവശ്യമാണെന്നും അക്കാര്യം ഭരണ സമിതിയുടെ സത്വര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 കാലി ടാർ വീപ്പയുടെ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പാക്കിയ വിവിധ റോഡ് ടാറിംഗ്, റി-ടാറിംഗ് പ്രവൃത്തികളിൽ കാലി ടാർ വീപ്പയുടെ വില (GSTഉൾപ്പെടെ) കുറവ് ചെയ്യാതെ കരാറുകാർക്ക് മുഴുവൻ തുകയും നല്കിയിട്ടുണ്ട്.പാക്ക്ഡ് ബിറ്റുമിന്റെ തുക ഉൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ കരാറുകാരിൽ നിന്നും ആയതിന്റെ വില (GSTഉൾപ്പെടെ) ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, നമ്പർ | ട്രഷറി ബിൽ/ വൗച്ചർ നമ്പർ, തിയതി, തുക | കരാറുകാരന്റെ പേര് |
|---|---|---|---|
| 1. | S085/22.ചൗതക്കുന്ന് കുളഞ്ചേരി റോഡ്. | 45/21 -22. Dtd. 18.3.22. 100000/ - | P.M.ഹംസ. |
| 2. | S0227/22.ലക്ഷം വീട് കുണ്ട്ക്കാട് സബ് റോഡ്. | Vr.no.22101520. Dtd.13.7.21. 199666/ - | M.അബ്ദുള്ളക്കുട്ടി. |
| 3. | S0201/22. നെടുംപുര സ്കൂൾ റോഡ് 2nd റീച്ച്. | Vr.no.22101546. Dtd. 16.8.21. 314100/ - | ഖാലിദ് അബ്ദുൾ സലീം. |
| 4. | S0275/22. പാഞ്ഞാൾ മസ്ജിദ് റോഡ്. | ലഭ്യമല്ല. | സിദ്ദിഖ്.എൻ |
| 5. | S077/22.അംഗൻവാടി19 സബ് റോഡ് ടാറിംഗ് | 47/21 -22. Dtd.27.1.22. 144000/ - | M.V.സുലൈമാൻ |
| 6. | S094/22 കാരുർ റോഡ് ടാറിംഗ് | Vr.no.22101385. Dtd. 18.3.22. | V.Y. സുലൈമാൻ |
| 7. | S0221/22.പനമന റോഡ് റി -ടാറിംഗ് | Vr.no.22101522. Dtd.13.7.21. 140978/ - | M.A. അബ്ബാസ്. |
| 8. | S0108/22.പരിതപുറത്ത്പടിറോഡ് റി - ടാറിംഗ്. | Vr.no.22101726. Dtd. 18.3.22. 274000/ - | M.M.അബ്ദുള്ളക്കുട്ടി. |
| 9. | S073/22. കനാൽ റോഡ് റി - ടാറിംഗ്. | Vr.no.22101724. Dtd. 18.3.22. 450000/ - | M.M.അബ്ദുള്ളക്കുട്ടി. |
| 10. | S0218/22. പഴയ ആശുപത്രി റോഡ് റി - ടാറിംഗ്. | Vr.no.22101724. Dtd.13.7.21. 384817/- | M.M.അബ്ദുള്ളക്കുട്ടി. |
| 11. | S0190/22.നെടുംപുര സ്കൂൾ ബാക്ക് സൈഡ് റോഡ് | Vr.no.22101523. Dtd.15.7.21. 257772/ - | V.P.ജയൻ. |

| | | | |
|---|---|---|---|
| 12. | So205/22.ഒറവംപാടം റോഡ് | Vr.no.22101525. Dtd. 15.7.21. 745872/ - | അഹമ്മദ് കബീർ |
| 13. | So214/22. പന്നിയടി കനാൽ റോഡ് പറക്കാട്ട്കുണ്ട് റോഡ് റി - ടാറിംഗ്. | Vr.no.22105521. Dtd.13.7.21. 360906/ - | V.P.ജയൻ. |
| 14. | So209/22.നെട്ടംപുര കനാൽ റോഡ്. | Vr.no.22101514. Dtd.13.7.21. 312214/ - | V.P.ജയൻ. |
| 15. | So114/22.പൊന്നള്ളി റോഡ് റി - ടാറിംഗ് | 22101741. Dtd.26.3.22. 250000/ - | അബ്ബാസ്.M. |
| 16. | So83/22.പാറക്കൽ ആലിപറമ്പ് റോഡ് ടാറിംഗ്. | Vr.no.22101718. Dtd.18.3.22. 316000/ - | P.M.ഹംസ. |
| 17. | So091/21. ബിപിമണി റോഡ് റി - ടാറിംഗ് | 64/21 -22. Dtd.17.9.21. 278873/ - | വീരാൻകുട്ടി.p.m. |
| 18. | 220/22. നെട്ടംപുര പാടശേഖര റോഡ് റി - ടാറിംഗ്. | 15/21 -22.dtd.19.7.21. 720620/ - | വീരാൻകുട്ടി.p.m. |
| 19. | So210/22. കുറിഞ്ഞിമല റോഡ് ടാറിംഗ്. | Vr. No.34/21 -22.dtd.1712.21. 667604/ - | അഹമ്മദ് കബീർ |
| 20. | So2019/22.നെട്ടംപുര സ്കൂൾറോഡ് 1st റീച്ച്. | 20/21-22.dtd. 16.8.21. 969214/ - | ഖാലിദ് അബ്ദുൾ സലിം. |
| 21. | So202/22.അംഗൻവാടി റോഡ്. | 14/21 -22. Dtd.19.7.21. 391293/ - | അഹമ്മദ് കബീർ |
| 22. | So204/22.താഴപ്ര പള്ളി പിൻ വശം റോഡ്. | 19/21 -22.dtd.16.8.21. 244866/ - | അബ്ബാസ്.M. |
| 23. | So208/22.പണിക്കർപടി റോഡ് റി - ടാറിംഗ്. | 16/21 -22.17.8.21. 815528/ - | ഷാജഹാൻ M.I. |
| 24. | So217/22. K.P.മുഹമ്മദ് പടി റോഡ്. | 17/21 -22.dtd.17.8.21. 282191/ - | അബ്ബാസ്.M. |
| 25. | So222/22.ഉഴിച്ചിൽപടി റോഡ് നവീകരണം | 23/21 -22. Dtd. 17.8.21. 395961/ - | ഷാജഹാൻ M.I. |

| | | | |
|---|---|---|---|
| 26. | So89/22.പോത്തോട്ട സബ്റോഡ് | Vr.no.22101459. Dtd.30.3.22. 266077/ - | മൊയ്തീൻകുട്ടി.C.M. |
| 27. | So197/22. താഴപ്ര ചേയിക്കൽകോളനി റോഡ് റി - ടാറിംഗ് | 11/21 -22. Dtd.16.7.21. 375000/ - | ജയൻ V.P. |
| 28. | So213/22. പുറക്കോട്ട പള്ളിക്കൽ റോഡ് | 18/21 -22.dtd.17.8.21. 481820/ - | അഹമ്മദ് കബീർ |
| 29. | So216/22.കരുവാപടി റോഡ് റി -ടാറിംഗ്. | 9/21 -22. Dtd.19.7.21. 326295/ - | M.M.അബ്ദുള്ള. |
| 30. | So228/22.പറക്കാട്ട് കണ്ട് റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ്. | 12/21 -22. Dtd.19.7.21. 500000/ - | അബ്ബാസ്.M. |
| 31. | So215/22. മിത്രാനന്ദപുരം സബ് റോഡ് റി - ടാറിംഗ് | 13/21 -22.dtd.19.7.21. 401204/ - | വീരാൻകുട്ടി.P.M. |
| 32. | So203/22. കട്ടി ലിങ്ക് റോഡ് | 10/21 22.dtd.19.7.21. 151932/ - | വീരാൻകുട്ടി.P.M. |
| 33. | So122/22/ചുങ്കം റോഡ് റി - ടാറിംഗ്. | 16/21 -22. Dtd. 17.8.21. 835958/ - | ഷാജഹാൻ M.I. |
| 34. | So75/22. കരുവാൻപടി പൂർത്തീകരണം | 52/21 22.dtd. 27.3.22. 285000/ - | ഷാജഹാൻ M.I. |
| 35. | So93/22. ബൈബിൾ കോമ്പൗണ്ട് റോഡ് റി - ടാറിംഗ്. | 51/21 -22. Dtd.27.3.22. 167000/ - | ഷാജഹാൻ M.I. |

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികളിൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. "ബിറ്റുമിൻ ആഡ്വക്കസി" കൃത്യമായി അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്നില്ല. ഉപയോഗിച്ച ബിറ്റുമിന്റെ അളവനുസരിച്ച് കാലി ടാർ വീപ്പയുടെ എണ്ണം കണക്കാക്കേണ്ടതും ആയതിന്റെ തുക കരാറുക്കാർക്ക് നല്കിയിട്ടുള്ളതിനാൽ ബന്ധപ്പെട്ട കരാറുക്കാരിൽ നിന്നും കാലി ടാർ വീപ്പയുടെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കാലി ടാർ വീപ്പയുടെ വില നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-31 പള്ളിക്കൽ കുടിവെള്ള പദ്ധതി-ആവശ്യം വേണ്ട രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ.

പ്രോജക്ട് നമ്പർ - So139/22/

എഗ്രിമെന്റ് നമ്പർ - 29//21 -22. Dtd. 27.1.21.

അളവ് പുസ്തകം - 415/21 -22.

കരാറുകാരൻ - സിദ്ധിഖ് എൻ.

Vr.No.22101466. Dtd. 30.3.22. 200000/ -

പള്ളിക്കൽ കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിൽ കുഴൽ കിണർ നിർമ്മാണത്തിനാണ് തുക വിനിയോഗിച്ചിട്ടുള്ളത്.

എന്നാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, യീൽഡ് ടെസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തികരിച്ചത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫൈനൽ ബില്ലിൽ മെമ്മോറാണ്ടം ഓഫ് പേമെന്റ് വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.12/15.2.23 പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും മറുപടിയുടേയും അഭാവത്തിൽ ചെലവ് തുക 200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 ഇ-ടെണ്ടർ ഫി അടവാക്കിയിട്ടില്ല

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ നടപടി ക്രമങ്ങൾ ഇ-പോർട്ടൽ സംവിധാനം വഴി നിർവ്വഹിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി ഇ-സബ്മിഷൻ ടെൻഡർ സംവിധാനം മുഖേനെ ലഭ്യമായ ടെണ്ടർ-ഫോമിന്റെ വില അസിസ്റ്റന്റ് എഞ്ചിനിയർ നാളിതുവരെയായിട്ടും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 5/10.2.2023 പ്രകാരം വിവരങ്ങൾ ആരാഞ്ഞെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. അസി. എഞ്ചിനിയറുടെ വാക്കാലുള്ള മറുപടിയിൽ ഇ-ടെണ്ടർ ഫീ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യുന്നത് അറിയാൻ കഴിഞ്ഞു. ടെണ്ടർ രജിസ്റ്റർ പരിശോധനയിൽ 13 ഇ-ടെണ്ടർ പ്രോജക്ടുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിലേതുൾപ്പെടെ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിയറിൽ നിന്നും ഇ-ടെണ്ടർ ഫി തുക തിരികെ ഈടാക്കി അടിയന്തരമായി ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.
ഓഡിറ്റ് വർഷം ലഭിച്ച പ്രോജക്ടുകളിൽ തുക ചിലവഴിയ്ക്കാൻ ബാക്കിയുള്ളവയുടെ വിവരം മാത്രമാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.
(ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ കണക്കുകളാണ് ചേർത്തിരിക്കുന്നത്.)

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പ തുക | മുൻ ബാക്കി | തൻ വർഷത്തെ വരവ് | തൻവർഷം തിരിച്ചടച്ചതുക | | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | മുതൽ | | പലിശ | |
| KURDFC | ലഭ്യമല്ല | ലഭ്യമല്ല | 3,44,22,666 | 0 | G.O (Rt) 3367/21/Fin 07.04.21 | 6,16,000 | | 3,14,60,000 |
| | | | | | G.O (Rt) 5206/21/Fin 30.07.21 | 11,73,334 | | |
| | | | | | G.O (Rt) 22/22/Fin 01.01.22 | 11,73,332 | | |
| | | | | | ആകെ | 29,62,666 | | |

ഗ്രാമപഞ്ചായത്തിലെ വാർഷിക കണക്കിലെ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 4-5 സ്ഥിരനിക്ഷേപം

ബാലൻഷീറ്റ് ഷെഡ്യൂൾ B-12 ൽ സഹകരണ സ്ഥാപനത്തിലെ നിക്ഷേപമായി ₹10010 കാണിച്ചിട്ടുള്ളതാണ്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.
ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 2004-05 | 2010-11 | 5.6.5 | സമാഹരണ മുൻകൂർ നൽകി പണി പൂർത്തിയാക്കിയിട്ടില്ല പുതുശ്ശേരി ശ്മശാനത്തിൽ ചൂള നിർമ്മാണം, കോസ്റ്റ് ഫോർഡ്, തൃശ്ശൂർ(99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ അംഗൻവാടി കെട്ടിട നിർമ്മാണം-കെ നന്ദകുമാർ, കണ്ടംകുമരത്ത്, ചെറുതുരുത്തി(98-99 | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | കല്ലേകുണ്ട് വാട്ടർ സപ്ലൈ സ്കീം-ശിവദാസൻ, തെക്കേതൊടിയിൽ, | മറുപടി സമർപ്പിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | | | ചെറുതുരുത്തി (99-2000) | |
| 2004-05 | 2010-11 | 5.6.5 | ഇരട്ടകുളം വാട്ടർ സപ്ലൈ സ്കീം-നാരായണൻ, കുന്നത്ത്, ചെറുതുരുത്തി (99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | മുല്ലക്കപറമ്പ് വാട്ടർ സപ്ലൈ, തിരുവല്ലത്ത്, ചെറുതുരുത്തി, (99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | വെട്ടിക്കാട്ടിരി ലക്ഷം വീട് കോളനി വാട്ടർ സപ്ലൈ-മൊയ്തുണ്ണി, മന്തിയിൽ, വെട്ടിക്കാട്ടിരി (99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | ചെറുതുരുത്തി ഹൈസ്കൂൾ-ടി-, കെ വി കമറുദ്ദീൻ മാസ്റ്റർ, ജി.എച്ച്.എസ്.എസ്, ചെറുതുരുത്തി (99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | പള്ളിക്കൽ കടവത്തൊടി റോഡ്-കെ.ആർ വാസുദേവൻ, കടവത്തൊടി, പള്ളിക്കൽ(97-98) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2010-11 | 5.6.5 | പള്ളം ഭാരതപ്പുഴ കടവ് റോഡ്-(99-2000) | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2014-15 | | 3-1, 2-3 | ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് വിനോദ സഞ്ചാര വകുപ്പ് നടപടിക്രമങ്ങൾ പാലിക്കാതെ കെട്ടിടം നിർമ്മിച്ചു& തൊഴിൽ നികുതി അപാകതകൾ | - |
| 2015-16 | | 2-4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,79,60,452.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,84,61,755.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,16,139 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,16,139 | ശ്രീമതി പ്രിയ ആർ. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1-31 | 2,00,000 | ശ്രീമതി പ്രിയ ആർ. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പ്രിയ ആർ. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് | രാജശ്രീ, വെട്ടിക്കാട്ടിരി പി. ഒ, |

-

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/ SCH) |
|---|---|---|---|---|---|
| 1 | 1997-98 (ചെലവ്) | LFT12-1382/99 Dt. 13.03.00/08.06.00 | 9 | 44, 45, 46, 47, 49എ, 49ബി, 51, 60എ, 63(2) | Case |
| 2 | 1998-99 (ചെലവ്) | LFT12-619/01 Dt. 16.07.01/08.10.01 | 2 | 31, 45(സി) | Case |
| 3 | 2002-03 | LFT10-865/08 Dt. 29.07.09/07.10.09 | 2 | 3-13, 3-15 | |
| 4 | 2003-04 | LFT10-2661/08 Dt. 15.09.10 | 2 | 3-10, 3-11 | |
| 5 | 2004-05 | LFT10-2662/08 Dt. 15.09.10/31.3.11 | 5 | 2-1എ,ബി, 3-5, 3-6, 3-20, 3-21 | 3-20 CAR |
| 6 | 2005-06 | LFT10-584/10 Dt. 15.09.10/07.06.11 | 1 | 3-6 | |
| 7 | 2006-07 | LFT10-585/10 Dt. 15.09.10/07.06.11 | 2 | 3-2, 3-6 | |
| 8 | 2007-08 | LFT10-1147/10 Dt. 21.03.11/03.10.11 | 8 | 3-7, 3-8, 3-9, 3-10, 3-11, 3-12, 3-18, 3-19 | |
| 9 | 2008-09 | LFT10-1165/10 Dt. 22.03.11/03.10.11 | 3 | 3-3, 3-15, 3-25 | |

| | | | | | |
|---|---|---|---|---|---|
| 10 | 2009-10 & 2010-11 | LFTP14-2277/12 Dt. 13.02.13/11.12.13 | 3 | 3-4(1)(2), 3-7, 3-8 | |
| 11 | 2011-12 | LFTP4-1057/13 Dt. 22.11.13/20.12.13 | 7 | 2-5(1), 3-8, 3-17, 3-19, 3-20, 3-22, 3-23 | |
| 12 | 2012-13 | LFTP4-254/14 Dt. 22.07.14/04.10.14 | 17 | 2-2എ, 2-2ബി, 2-4, 3-1, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-18, 3-23, 3-25(1), 3-25(3) | |
| 13 | 2013-14 | KSATSRP4-770/15 Dt. 12.10.15/21.10.15 | 14 | 2-1(2)(3), 3-2, 3-6, 3-7, 3-8, 3-9, 3-10, 3-12(2)(3)(4), 3-13, 3-14, 3-15, 3-16, 3-17, 3-19 | |
| 14 | 2014-15 | KSATSRP4-1000/10 Dt. 24.06.16 | 6 | 1-3, 2-3, 3-1, 3-2, 3-3, 3-6 | 3-1, 2-3 CAR |
| 15 | 2015-16 | KSATSRP4-1893/16 Dt. 05.11.16/2.12.16 | 8 | 2-3, 2-4, 2-5, 3-1, 3-2, 3-3, 3-6, 3-7 | 2-4 CAR |
| 16 | 2016-17 | KSATSRP4-1233/17 Dt. 07.08.17 | 20 | 1-3, 2-7, 2-8, 2-9, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 | |
| 17 | 2017-18 | KSATSRP4-711/19 Dt. 22.05.19 | 16 | 1-12, 2-1, 2-4, 2-5, 3-1, 3-3, 3-4, 3-6, 3-7, 3-9, 3-13, 3-14, 3-15, 3-17, 3-18, 3-20 | |
| 18 | 2018-19 | KSATSR(P.4)1773 /19 Dt.05/03/20 | 30 | 1-11 മുതൽ 1-37 വരെയും, 3-1,3-2,3-3 | |
| 19 | 2019-20 | KSA.TSR(P-16926/2022. Dt.23/06/2022 | 27 | 1-9 മുതൽ 1-34 വരെയും, 3-1 | |
| 20 | 2020-21 | KSA.TSR(P- | 19 | 1-10 മുതൽ | |

| | | | | | |
|---|---|---|---|---|---|
| | | 16)1185/2022. | | 1-2വരെ | |
| | ആകെ പരിഗണിച്ച ഖണ്ഡികകളുടെ എണ്ണം | | 203 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്